**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3084** 18-06-2019 -ൽ മറുപടിക്ക്

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പ്രളയബാധിതപ്രദേശങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കഴിഞ്ഞവർഷമുണ്ടായ അതിരൂക്ഷമായ പ്രളയത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളെയാണ് പ്രളയബാധിത പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ; | എ) | മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട കോട്ടോപ്പാടം -1, കോട്ടോപ്പാടം -3, അഗളി, കോട്ടത്തറ, പാടവയൽ, അലനല്ലൂർ - 3, കള്ളമല, പയ്യനടം, കുമരംപുത്തൂർ, മണ്ണാർക്കാട് - 1, മണ്ണാർക്കാട് - 2, ഷോളയൂർ, പുതൂർ, തച്ചനാട്ടുകര - 1, തച്ചനാട്ടുകര - 2 എന്നീ വില്ലേജുകളെയാണ് പ്രളയ ബാധിത പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) | അതിരൂക്ഷമായ പ്രളയമുണ്ടായ മണ്ണാർക്കാട് മുനിസിപ്പൽ മേഖലകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | ബി) | മണ്ണാർക്കാട് നഗരസഭാ പരിധിയിൽ വരുന്ന മണ്ണാർക്കാട് -1 വില്ലേജിനെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രളയബാധിതരായ മുഴുവൻ ജനങ്ങൾക്കും സർക്കാർ ധനസഹായം ലഭിക്കുന്നതിനായി മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രളയബാധിത പ്രദേശങ്ങളെയും പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ? | സി) | ജില്ലാ അതോറിറ്റികളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മതിയായ പരിശോധനകൾക്കും വിശകലനങ്ങൾക്കും ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്ത പ്രകാരമാണ് പ്രളയബാധിത പ്രദേശങ്ങളെ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. അതിനുപരിയായി മറ്റു പ്രദേശങ്ങളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ